DESPATCHED
On 17/3/23


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No. 1510(5)/19/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 11519/SIC-G7/2019

**സന്നിഹിത**

**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി – 20.12.2022**

**ശ്രീ.മുഹമ്മദ് സാലി റഹീം,**
**റിയാസ് മൻസിൽ,**
**നേതാജിപുരം പി.ഒ,**
**ശാന്തിഗിരി, തിരുവനന്തപുരം – 695 584.** — **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം,**
**ഇലക്ട്രിക്കൽ സെക്ഷൻ, കെ. എസ്.ഇ.ബി ലിമിറ്റഡ്,**
**പോത്തൻകോട്, തിരുവനന്തപുരം – 695 584.**

**അപ്പീൽ അധികാരി &**
**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,**
**ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കണിയാപുരം.** — **എതിർകക്ഷികൾ**

## ഉത്തരവ്

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, നേതാജിപുരം പടിഞ്ഞാറ് വശത്ത് നിന്നും പള്ളിപുരയിടത്തിലൂടെ തുടങ്ങുന്നതും നാലാം നമ്പർ പോസ്റ്റ് ടിയാന്റെ പുരയിടത്തിന്റെ വടക്ക് കിഴക്ക് മൂലയിൽ സ്ഥാപിച്ചിട്ടുള്ളതും ടി പുരയിടത്തിന്റെ കിഴക്ക് ഭാഗത്തുകൂടി കടന്ന് പോയിട്ടുള്ളതുമായ ഇലക്ട്രിക് ലൈനിന്റെ നമ്പർ, ടി ലൈനിലെ 4–ാം നമ്പർ പോസ്റ്റ് ഹർജിക്കാരന്റെ പുരയിടത്തിൽ വടക്ക് കിഴക്ക് മൂലയിൽ സ്ഥാപിച്ച വർഷം, മാസം, തീയതി 11786–ാം നമ്പർ കൺസ്യൂമർ പള്ളിവിള വീട്ടിൽ ജാസ്മി ഷാജഹാന് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുവേണ്ടി ഹർജിക്കാരൻ നൽകിയിട്ടുള്ള കൺസന്റ് പത്രത്തിന്റെ പകർപ്പ്, ടി കൺസ്യൂമർക്ക് വൈദ്യുതി കണക്ഷൻ കൊടുത്ത തീയതി, മാസം വർഷം എന്നിങ്ങനെയുള്ള ഏതാനും വിവരങ്ങളുമായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും തൃപ്തികരമായ വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. 2016 ൽ സമർപ്പിച്ച ടി അപ്പീൽ ഹർജിയിൻമേൽ സാങ്കേതിക കാരണങ്ങളാൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല.

3. രണ്ടാം അപ്പീലിനെ തുടർന്ന് എസ്.പി.ഐ.ഒയെയും ഹർജിക്കാരനെയും കമ്മീഷൻ നേരിൽ കേൾക്കുകയുണ്ടായി.

4. അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരം ലഭിച്ചിട്ടില്ലായെന്നും ഹർജിക്കാരൻ വിദേശത്ത് ആയതു കൊണ്ട് വിവരാവകാശ അപേക്ഷ അയയ്ക്കുവാൻ അർഹതയില്ലായെന്നും 10 ചോദ്യങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും പ്രസ്തുത ചോദ്യങ്ങൾക്ക് വിവരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും നേതാജിപുരം മുസ്ലീം പള്ളിയുടെ പടിഞ്ഞാറ് വശത്ത് നിന്നും തുടങ്ങുന്നതും മദ്രസ്സയോട് ചേർന്നു പോകുന്നതും ടിയാന്റെ പുരയിടത്തിലൂടെ കടന്ന് പോയിട്ടുള്ളതുമായ ഇലക്ട്രിക് ലൈൻ നമ്പരും ടിയാന്റെ പുരയിടത്തിൽ സ്ഥാപിച്ചിട്ടുള്ള നാല് പോസ്റ്റുകളുടേയും നമ്പരുകളും ടി പോസ്റ്റുകൾ മാറ്റി സ്ഥാപിച്ച തീയതിയും വിവരങ്ങളും ലഭ്യമാക്കണമെന്നാണ് ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചിട്ടുള്ളത്.

5. ഒരേ വിഷയവുമായി ബന്ധപ്പെട്ട് 2007 മുതൽ ഹർജിക്കാരൻ നിരന്തരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണെന്നും ഓഫീസിൽ വന്ന് പരിശോധിക്കാൻ തയ്യാറാകേണ്ടതാണെന്നുംമറ്റുമാണ് എസ്.പി.ഐ.ഒ കമ്മീഷനെ ബോധിപ്പിച്ചിട്ടുള്ളത്.

6. 2007 മുതൽ ഹർജിക്കാരൻ നിരന്തരം വിവരങ്ങൾ ആവശ്യപ്പെടുന്നുവെന്ന് എസ്.പി.ഐ.ഒ അറിയിക്കുന്നുണ്ട്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വ്യക്തമായ വിവരം നൽകിയാൽ സമാന സ്വഭാവമുള്ള പല അപേക്ഷകളും ഒഴിവാക്കാവുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വ്യക്തമായ വിവരം നാളിതുവരെ ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയിട്ടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. എസ്.പി.ഐ.ഒ നൽകിയ മറുപടി നിയമവിരുദ്ധമാണെന്ന് കമ്മീഷൻ കമ്മീഷൻ നിരീക്ഷിക്കുന്നു. ഓഫീസിൽ ലഭ്യമായിട്ടുള്ള വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്ന് ഹിയറിംഗ് വേളയിൽ എസ്.പി.ഐ.ഒ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. എന്നാൽ 26.05.2016 ലെ മറുപടിയിൽ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം നിക്ഷേധിക്കുകയാണുണ്ടായത്. വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം നിക്ഷേധിക്കപ്പെടുന്ന വിവരങ്ങൾ ഒന്നും തന്നെ ടിയാൻ ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ക്രമനമ്പർ 8,9 ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട റിപ്പോർട്ടുകളുടെ പകർപ്പ് ഇംഗ്ലീഷ് ആയതിനാൽ ആയത് മലയാളത്തിൽ പരിഭാഷപ്പെടുത്തി നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ക്രമനമ്പർ 8,9 ഒഴികെ മറ്റെല്ലാ വിവരങ്ങളും ഹർജിക്കാരന് ലഭിക്കുവാൻ അർഹതയുണ്ട്. മേൽ സാഹചര്യത്തിൽ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തവും പൂർണ്ണവുമായ വിവരം സൗജന്യമായി ഹർജിക്കാരന് നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക്. 26.05.2016 തീയതി വിവരം നിഷേധിച്ചു കൊണ്ട് പൗരന്റെ അറിയുവാനുള്ള അവകാശത്തെ നിഷേധിച്ച നടപടി വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയാണെന്ന് കമ്മീഷൻ പ്രഥമദൃഷ്ട്യാ വിലയിരുത്തുന്നു. എന്നിരുന്നാലും എസ്.പി.ഐ.ഒക്കെതിരെ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ ഉദ്ദേശിക്കുന്നില്ല.

8. ഇപ്രകാരം ഈ അപ്പീൽ ഹർജി തിർപ്പാക്കി **ഇന്നേ ദിവസം 2022 ഡിസംബർ മാസം 20–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി